# ഗർഷോം

പെരിങ്ങനാട് മർത്തശ്മൂനി ഓർത്തഡോക്സ് വലിയപള്ളി
(പൗരസ്ത്യ ശ്മൂനി തീർത്ഥാടന കേന്ദ്രം)

Vol : 24

"GARSHOM" - THE OFFICIAL SHMOONI PRAVASI FORUM ONLINE BULLETIN

RAMTHER

# RAMTHER POWER
## TECHNOLOGY PVT LTD

www.ramther.com

## മാറുന്ന നിയമങ്ങൾക്ക് ഹൈബ്രിഡ് ബദൽ

## പവർ കട്ടിനെയും കറന്റ് ബില്ലിനെയും ഒരുപോലെ നേരിടാം.....

## വീട്ടിൽ സബ്സിഡിയോടെ ഹൈബ്രിഡ് സോളാർ സ്ഥാപിക്കാം....

**78,000 രൂപ** ഗവണ്മെന്റ് സബ്സിഡിയോടും

കുറഞ്ഞ EMI ലും ✔ BANK LOAN @ 6.5 % INTEREST

8 YEARS OF EXPERIENCE

91 80752 37602
91 92490 97282
04843580470

ALL KERALA SERVICE AVAILABLE

HEAD OFFICE : NEAR OBRON MALL, EDAPALLY,KOCHI
BRANCH OFFICE : BASITH TOWER TB ROAD KANHANGAD

www.mosc.in
catholicos@mosc.in

Ph: 0481 - 2574323
2578500

# The Malankara Orthodox Syrian Church
## CATHOLICATE OF THE EAST

**BASELIOS MARTHOMA MATHEWS III**
CATHOLICOS OF
THE APOSTOLIC THRONE OF
ST. THOMAS
AND MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM - 686 004
KERALA, INDIA

ജനുവരി 09, 2026

പെരിങ്ങനാട് മർത്തശ്മൂനി ഓർത്തഡോക്സ് വലിയ പള്ളി വികാരിക്കും, ഭരണ സമിതിക്കും, വിശ്വാസി സമൂഹത്തിനും വാഴ്വ്!

പ്രിയരേ,

അടൂർ - കടമ്പനാട് ഭദ്രാസനത്തിലെ പെരിങ്ങനാട് മർത്തശ്മൂനി ഓർത്തഡോക്സ് വലിയ പള്ളി (പൗരസ്ത്യ ശ്മൂനി തീർത്ഥാടന കേന്ദ്രം) അത് സ്ഥാപിതമായതിന്റെ 176-ാം വർഷത്തോടനുബന്ധിച്ചു ശ്മൂനി പ്രവാസി ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ഗർഷോം എന്നപേരിൽ ഒരു ബുള്ളറ്റിൻ പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ നാം അനല്പമായി സന്തോഷിക്കുന്നു. പ്രതിസന്ധികളുടെയും പ്രകോപനങ്ങളുടെയും മധ്യത്തിൽ ജീവിക്കുന്ന ദൈവമക്കൾ നിരാശരാകാതെ പ്രത്യാശയുടെയും സമാധാനത്തിന്റെയും ജീവിതാനുഭവങ്ങൾ കണ്ടെത്തി പങ്കിടാൻ ബാധ്യസ്ഥരാണ്. എന്തിലും ഏതിലും ആഘോഷവും ആർഭാടവും മാത്രം പ്രതീക്ഷിക്കുന്ന പുതു തലമുറ ജീവിത മൂല്യങ്ങളും ധാർമികതയും കൈവെടിയുന്നില്ല എന്ന് ഉറപ്പുവരുത്താൻ ഇടവകകൾക്കു ബാധ്യതയുണ്ട്. മാർത്തോമ്മൻ പൈതൃകവും ഓർത്തഡോക്സ് ആധ്യാത്മികതയും കൂടുതൽ കരുപ്പിടിപ്പിക്കാൻ ആ ഇടവകയുടെ പുതുവർഷത്തിലെ എല്ലാ ഉദ്യമങ്ങളും മുഖാന്തിരമാകട്ടെ. ഗർഷോം പത്രികയ്ക്ക് നമ്മുടെ പ്രാർത്ഥനയും ആശംസകളും നേരുന്നു.

ദൈവം അനുഗ്രഹിക്കട്ടെ

**ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ**

# ഇതളുകൾ


| | |
|---|---|
| ചരിത്രസംഭവത്തിന്റെ വിളിച്ചുണർത്തൽ | 07 |
| അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം | 09 |
| മാർ അൽവാറീസ് മിഷൻ സെന്റർ | 11 |
| നന്മയുടെ വഴിയിൽ | 12 |
| നിർമ്മിത ബുദ്ധി: സാദ്ധ്യതകളും വെല്ലുവിളികളും | 13 |
| സ്നേഹതാരകം | 15 |
| ക്രിസ്മസ് ട്രീയും നമ്മുടെ ജീവിതവും | 19 |
| കർമ്മ വീഥികളിലൂടെ | 20 |
| അന്നം - ഔഷധം ഊഷ്മളം | 22 |
| DESERT FATHERS | 23 |


## എഡിറ്റോറിയൽ ടീം

റവ.ഫാ.തോമസ് പി. മുകളിൽ
(പ്രസിഡന്റ്)

വിൻസി ജോർജ്ജ്
(വൈസ്പ്രസിഡന്റ്)

ജോബിൻ ജോൺ
(കോ–ഓർഡിനേറ്റർ)

രേഖ സുനിൽ
(കോ–ഓർഡിനേറ്റർ)

റിബു ബേബി
(സെക്രട്ടറി)

സുനിൽ ജോൺ
(ജോ.സെക്രട്ടറി)

അനു ബിജു
(ട്രഷറർ)

Marthashmooni

ഓൺലൈൻ വായനയ്ക്ക്
സ്കാൻ ചെയ്യുക

നിർദ്ദേശങ്ങൾ, വിവരങ്ങൾ, കൃതികൾ എന്നിവയ്ക്ക്
**+971 56 248 9638, +968 92968907**

# MALANKARA ORTHODOX SYRIAN CHURCH

## DIOCESE OF ADOOR - KADAMPANAD

**Dr. Zacharias Mar Aprem Metropolitan**

Date: 15.01.2026

**ആശംസ**

കർത്താവിൽ നമ്മുടെ പൗരസ്ത്യ ശ്മൂനി തീർത്ഥാടന കേന്ദ്രമായ പെരിങ്ങനാട് മർത്തശ്മൂനി ഓർത്തഡോക്സ് വലിയപള്ളി ഇടവക വികാരിയും, ദേശത്തുപട്ടക്കാരും, പള്ളികൈസ്ഥാനികളും, പ്രത്യേകാൽ പ്രവാസി ഫോറം പ്രവർത്തകരും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പിയരെ,

സ്മൃതികൾ കർമ്മങ്ങൾക്ക് നിദാനമാണ്. ഓർമ്മകൾ ഉണ്ടാകുമ്പോൾ പ്രേരണകളും ജനിക്കുന്നു. വിശുദ്ധരുടെ ജീവിതത്തെ ഇടവക മുഴുവനായും നെഞ്ചിലേറ്റുമ്പോൾ അവർ കാണിച്ച മാതൃകകൾ അറിയാതെ നമ്മുടെ ഉള്ളിൽ ഉറയ്ക്കുന്നു. അപ്രകാരം മർത്തശ്മൂനി അമ്മയുടെയും ഗുരുവും സഹദായുമായ മോർ ഏല്യാസറിന്റെയും 7 ശിശു സഹദേരുടെയും സ്മരണ നമ്മുടെ സത്കർമ്മങ്ങൾക്ക് പ്രേരിതമാകട്ടെ എന്ന് ആശംസിക്കുന്നു പ്രാർത്ഥിക്കുന്നു.

പെരിങ്ങനാട് മർത്തശ്മൂനി ഓർത്തഡോക്സ് വലിയപള്ളി ഇടവകയിലെ പെരുന്നാൾ ആഘോഷങ്ങളുടെ ഭാഗമായി പ്രവാസി ഫോറം **ഗർഷോം** എന്ന പേരിൽ പ്രസിദ്ധീകരിക്കുന്ന സപ്ലിമെന്റിന് എല്ലാ അനുഗ്രഹാശംസകളും നേരുന്നു. ഈ സംരംഭത്തിന് നേതൃത്വം നൽകുന്ന എല്ലാവരെയും ദൈവംതമ്പുരാൻ അനുഗ്രഹിക്കട്ടെ.

ശേഷം പിന്നാലെ ദൈവം അനുഗ്രഹിക്കട്ടെ.

ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്താ

*Sreyas Aramana, Epiphanios Centre, Adoor P.O., Pathanamthitta District*
*Email: 2010aprem@gmail.com, akdiocese@gmail.com*

GST IN: 32DKTPR0311D1ZG

# RRK PAINTS

THENGUMTHARA, PAZHAKULAM

asianpaints

Since 1760 Lewis Berger Paint your imagination

Wall Maax Paints

INDIGO Be surprised!

MRF Vapocure Paints

DR. FIXIT® WATERPROOFING EXPERT

## PH: 97 46 57 73 26

# ചരിത്ര സംഭവത്തിന്റെ വിളിച്ചുണർത്തൽ

റവ. ഫാ. തോമസ് പി. മുകളിൽ

"എന്നാൽ പുരോഹിതന്മാരിലും ലേവ്യരിലും പിതൃഭവനത്തലവന്മാരിലും മുമ്പിലത്തെ ആലയം കണ്ടിട്ടുള്ള വയോധികന്മാരായ അനേകർ ഈ ആലയത്തിന്റെ അടിസ്ഥാനം ഇട്ടു കണ്ടപ്പോൾ ഉറക്കെ കരഞ്ഞുപോയി; മറ്റു പലരും സന്തോഷത്തോടെ ഉച്ചത്തിൽ ആർത്തു. അങ്ങനെ ജനത്തിൽ സന്തോഷ ഘോഷത്തിന്റെ ശബ്ദവും കരച്ചിലിന്റെ ശബ്ദവും തമ്മിൽ തിരിച്ചറിവാൻ കഴിയാതെയിരുന്നു..."
എസ്ര 3.1013

പെരുന്നാൾ ഒരു ചരിത്രസ്മരണയാണ്. കാലങ്ങൾക്കു മുമ്പുണ്ടായ ഒരു വലിയ ദിവസത്തിന്റെ പുനരാവർത്തനം. ആ സംഭവത്തിന്റെ വൈകാരികത ഒട്ടും ചോർന്നു പോകാതെ ഓർത്തെടുക്കുക എന്നതാണ് പെരുന്നാളിന്റെ കാതൽ. നശിച്ചുപോയ ദൈവാലയം പുനരുദ്ധരിച്ചപ്പോൾ പഴയ തലമുറ കരഞ്ഞും പുതിയ തലമുറ ആർപ്പു വിളിച്ചും നിൽക്കുന്ന കാഴ്ചയാണ് മേലുദ്ധരിച്ച വേദഭാഗം.

യഹൂദന്മാരുടെ പെരുന്നാളുകളിലെല്ലാം ഇപ്രകാരം ഒരു നിഷ്കർഷയുണ്ട്. പെസഹായിൽ കൈപ്പു ചീരയുൾപ്പെടെ ക്രമീകരിക്കുന്നതും മക്കൾ പിതാവിനോട് ചോദ്യങ്ങൾ ചോദിക്കുന്നതുമെല്ലാം ഒരനുഷ്ഠാനം പോലെ നിവർത്തിക്കണമെന്ന് പറയുന്നതിന്റെ കാരണം കാലങ്ങൾ കഴിയുന്തോറും സംഭവങ്ങളുടെ ആത്മാവ് കൈമോശം വരാതിരിക്കാനാണ്.

ആണ്ടിൽ ഒരിക്കൽ നടത്തേണ്ടുന്ന ഒരാഘോഷത്തിനപ്പുറം ദൈവാലയ സ്ഥാപനത്തിന് നിദാനമായ ഒരു സംഭവം ഉണ്ടായിരുന്നുവെന്നും ആരുടെയൊക്കെ നാമത്തിൽ പള്ളി പണിയപ്പെട്ടുവോ അവർക്കൊരു ധീരോദാത്ത ചരിത്രം ഉണ്ടായിരുന്നുവെന്നതും മനസ്സിൽ നിന്നും മാഞ്ഞു പോകരുത്. പ്രത്യേകിച്ചും പെരുന്നാൾ ദിനങ്ങളിലെങ്കിലും.

ചരിത്രത്തിൽ ഉണ്ടായ ഒരു രക്ഷാകരസന്ദേശമാണ് ഓരോ പെരുന്നാളിന്റേയും അടിസ്ഥാനം. യഹൂദന്മാരുടെ ചരിത്രത്തിൽ അത് ഗോത്രങ്ങൾക്കു മുഴുവൻ ബാധകമായപ്പോൾ ക്രൈസ്തവ ദൈവാലയങ്ങളെ സംബന്ധിച്ചിടത്തോളം ഓരോ ചെറിയ പള്ളികളുടേയും തുടക്കമായിരുന്നു. പെരുന്നാളുകൾ പ്രാദേശികമായി മഹത്വവൽക്കരിക്കപ്പെടുന്നത് അതുകൊണ്ടാണ്.

ഓരോ പള്ളിയും സ്ഥാപിക്കപ്പെമ്പോൾ അവർ പ്രാർത്ഥനാപൂർവ്വം മധ്യസ്ഥത അണച്ച ഒരു വിശുദ്ധ വ്യക്തി ഉണ്ടാകും. ഏതു വിശുദ്ധരുമായി അത് ചേർത്തുവയ്ക്കപ്പെട്ടുവോ അവരുടെ ഓർമ്മ ദിനങ്ങൾ കൂടിയാണ് ഓരോ പെരുന്നാളും.

മിക്ക ദൈവാലയങ്ങളും കല്ലിട്ട പെരുന്നാളാണ് ആഘോഷിക്കുന്നത്. ചില പള്ളികൾ ആകട്ടെ പണിപൂർത്തീകരിച്ചു പ്രതിഷ്ഠിച്ച ദിവസവും. രണ്ടായാലും ആ ദൈവാലയ നിർമ്മിതിയുമായി ബന്ധപ്പെട്ട ഒരു ഓർത്തെടുക്കലാണ് പെരുന്നാളെന്നുള്ളത് മറക്കാതിരിക്കാം.

ഓരോ സ്ഥാപനവും ഒരു അനിവാര്യതയാണ്. ഭംഗിക്കു വേണ്ടിയോ കയ്യിൽ കാശുള്ളതിന്റെ പേരിലോ ഒന്നും സൃഷ്ടിക്കപ്പെടാറില്ല, പ്രത്യേകിച്ചും പത്തും അമ്പതും നൂറും വർഷങ്ങൾക്കു മുമ്പുള്ള ചരിത്രം കൂടിയാണെന്നോർക്കണം. കുടുംബവും വ്യവസ്ഥിതികളും കെട്ടിടങ്ങളും എല്ലാം അപ്രകാരം തന്നെയാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്.

അങ്ങനെയാണെങ്കിൽ ഒരു പള്ളിയുടെ കാര്യത്തിലോ? ഒരാൾക്ക് സ്വതന്ത്രമായി എന്തും ചെയ്യാം എന്നിരിക്കെ ഒരു ചെറിയ സമൂഹത്തിൻറെ കാര്യത്തിൽ (വിശ്വാസീ സമൂഹം) ദൈവാലയങ്ങൾ സൃഷ്ടിക്കപ്പെടുന്നത് എങ്ങനെയായിരിക്കും? ഒരുമിച്ചു കൂടി വളരെ ആലോചിച്ചും പ്രാർത്ഥനാപൂർവ്വവും എടുത്ത തീരുമാനമാകണം ഓരോ പള്ളിയുടെ നിർമ്മാണവും.

അതൊരു വൈകാരികമായ നിമിഷം ആയിരിക്കും. ഭിന്നതയുടേയോ വെറുപ്പിന്റേയോ ലവലേശം ഇല്ലാത്ത ഒരു കൊച്ചു സമൂഹം. അവരുടെ നിലനിൽപ്പിന്റെ അനിവാര്യതയാണ് ഒരു പള്ളി. കറൻസികൾ നൃത്തം ചെയ്യാത്ത ഒരു പഴയകാലത്ത് കരുതലോടെ ശേഖരിച്ച പണം കൊണ്ടവർ പടുത്തുയർത്തിയ യെരുശലേം ദൈവാലയം. ഇതായിരിക്കണം എല്ലാ പള്ളികളുടെയും ചരിത്രം.

സമാധാനത്തിന്റെയും ഐക്യത്തിന്റെയും പ്രതീകമായി സമൂഹത്തിൽ അവർ പടുത്തുയർത്തിയ ദൈവാലയം ആ നാടിന്റെ തിലകക്കുറിയാണ്. ഓരോ പെരുന്നാൾ വിളംബരം ചെയ്യുമ്പോഴും മറക്കരുതാത്ത പെരുന്നാളിന്റെ അടിത്തറ.

സ്വാർത്ഥതയുടേയോ ഭിന്നതയോടെയോ നിഴൽ വീഴ്ത്തുന്നവർക്ക് അയ്യോ കഷ്ടമെന്നും സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ എന്നും ഉറക്കെ പ്രഖ്യാപിക്കുന്നത് ദൈവാലയത്തിന്റെ മുഖപ്പാണ്, സത്യമായും സത്യമായും!

പാവന സ്മരണയ്ക്ക്...
GEEVARGHESE CHACKO
G. BABY
THANKAMMA GEEVARGHESE
VADAKKADATHU CHERUTHITTAYIL

പാവനസ്മരണയ്ക്ക്
മത്തായി തോമസ്
അമ്മിണി തോമസ്
രാജീവ് സദനം

# "അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം; ഭൂമിയിൽ ദൈവപ്രസാദമുള്ളവർക്ക് സമാധാനം"

ഡോ. ഗീവർഗീസ് മാർ യൂലിയോസ്

നമ്മുടെ കർത്താവിന്റെ രക്ഷാകരമായ ജനനപെരുന്നാൾ ആഘോഷിച്ച് സ്രഷ്ടാവിനെ സ്തുതിപ്പാനും അവന്റെ മാതാവിന്റെ പുകഴ്ചപെരുന്നാളിൽ സംബന്ധിച്ച് തലമുറകളോടൊപ്പം അവളെ ഭാഗ്യവതി എന്ന് പുകഴ്ത്തുവാനും തന്റെ ജനനത്തിൽ തന്നെ അവനെ സാക്ഷിക്കുവാൻ ഭാഗ്യം ലഭിച്ച ശിശു സഹദേന്മാരുടെ മദ്ധ്യസ്ഥതയിൽ അവനെ ഏക രക്ഷകൻ എന്ന് സാക്ഷിക്കുവാനും ഭാഗ്യം ലഭിച്ച പ. സഭ ഇനിയും അവനോടൊപ്പം വളരുന്ന അനുഭവത്തിന്റെ ധ്യാനദിനങ്ങളിലേയ്ക്ക് പ്രവേശിക്കുകയാണ്.

സർപ്പത്തിന്റെ തല ചതയ്ക്കുവാനുള്ള സ്ത്രീയുടെ സന്തതി ജനിച്ചു കഴിഞ്ഞിരിക്കുന്നു. യഹോവയുടെ നിയമപെട്ടകം പാളയമദ്ധ്യത്തിൽ എത്തിയിരിക്കുന്നു. ഇതാ മനുഷ്യരുടെ ഇടയിൽ ദൈവത്തിന്റെ കൂടാരം. അവനിൽ നിന്നും കൃപയുടെ പ്രളയം ഉണ്ടാകും! 'മുൾമരമെരിയാതെരുതീ തൻ നടുവിൽ' മോശയ്ക്ക് ദൃഷ്ടാന്തമായത് പ. മാതാവിന്റെ മടിയിൽ പ. സഭ ദർശിക്കുന്നു. 'ചിന്മയൻ അവളിൽ വസിച്ച് ശരീരം ധരിച്ചിരിക്കുന്നു!' 'നിന്നെ ചുമന്ന ഉദരവും നീ കുടിച്ച മുലകളും ഭാഗ്യമുള്ളവ" എന്ന് പാടിക്കൊണ്ട് പ. ദൈവമാതാവിന്റെ മടിയിൽ താലോലിക്കപ്പെടുന്ന ഈ അദ്ഭുത ശിശുവിനെ കണ്ട് വണങ്ങുവാൻ ഓടിവരുന്നു.

പിറവി പോലും നിഷേധിക്കപ്പെടുന്ന ഒരു രാഷ്ട്രീയ സാമൂഹിക സാഹചര്യത്തിലാണ് അവൻ പിറന്നു വീഴുന്നത് എന്ന് അന്ന് നടന്ന ശിശുഹത്യയുടെ പശ്ചാത്തലത്തിൽ നമുക്ക് മനസ്സിലാക്കാം. അതീവ ശ്രദ്ധയോടെ ദൈവഹിതം ശ്രവിച്ചുകൊണ്ടു മാത്രമായിരുന്നു യൗസേഫ്-മറിയ കുടുംബത്തിന്റെ ഓരോ ചുവടുകളും. യിരമ്യാ പ്രവാചകൻ അത് മുൻകണ്ടിരുന്നു. റാമയിലെ വിലാപത്തിന് പ്രതിഫലം ഉണ്ടാകും; നിന്റെ ഭാവിയെക്കുറിച്ച് എനിക്ക് പ്രത്യാശയുണ്ട്. പനപോലെ തഴച്ചു നില്ക്കുന്ന ദുഷ്ടതയുടെ മുന്നിൽ അതീവ ദുർഘടമായ സാഹചര്യങ്ങളിലാണ് നന്മ വളരുന്നത്. അവിടെ ശിശുക്കൾ കൂട്ടമായി കൊല ചെയ്യപ്പെടുന്നതുപോലെയുള്ള വേദനാജനകങ്ങളായ സംഭവങ്ങൾ ഉണ്ടാകാം. എന്നാൽ പിറവി നിഷേധിക്കപ്പെട്ട എല്ലാവരും ക്രിസ്തുവിൽ ഓർക്കപ്പെടുന്ന അനുഭവമാണ് പ. സഭ ഈ ദിനങ്ങളിൽ ധ്യാനിക്കുന്നത്. മേഘം പോലെയും പ്രാവുകളെ പോലെയും പൊന്നും വെള്ളിയുമായി നിന്റെ മക്കൾ നിന്റെ അടുക്കലേയ്ക്ക് പറന്നു വന്ന് സീയോനിൽ പ്രത്യക്ഷനായ ഇസ്രയേലിന്റെ പരിശുദ്ധനെ സാക്ഷിക്കുമെന്ന് യെശയ്യാവ് അതിമനോഹരമായി പ്രവചിക്കുന്നു (60:8-14).

സത്യപിതാവിന്റെ സത്യപുത്രനായ കർത്താവിന്റെ മനുഷ്യാവതാരം എന്ന യാഥാർത്ഥ്യം വിശ്വാസികളുടെ ഹൃദയത്തിൽ ഉറപ്പിക്കണമേ എന്ന പ്രാർത്ഥനയാണ് വി. യൽദോ പെരുന്നാളിന് ശേഷം വരുന്ന ഞായറാഴ്ചയിലെ പ്രമുഖ ചിന്ത. "സത്യവാനായ പിതാവിനാൽ അയക്കപ്പെട്ടവനും സത്യദൂത് മൂലം സത്യകന്യകയിൽ, സത്യ ദൂതന്റെ സത്യസമാധാനത്തോടെ യഥാർത്ഥമായി വസിക്കുകയും, അവളിൽ നിന്നും സത്യമായി ജഡം ധരിക്കുകയും, അവളുടെ സത്യവ്രതത്തിന് ഭംഗം വരാതെ അവളിൽ നിന്നും ജനിക്കുകയും ചെയ്ത കർത്താവേ! നിന്റെ മനുഷ്യാവതാരത്തിന്റെ സുസ്ഥിരതയിൽ ഞങ്ങളെ ഉറപ്പിക്കണമേ" എന്നാണ് പ്രാരംഭ പ്രാർത്ഥന. ജനിച്ചത് ദൈവമാണ് എന്ന് വിശ്വസിക്കാത്തവന് അവനിൽ വളരുന്നതിന് സാധിക്കുകയില്ല; അടിസ്ഥാന വിശ്വാസത്തിൽ അല്ലാതെ വളരുന്നവൻ വേദവിപരീതമെന്ന വലിയ ആപത്തിൽ പെടുകയും ചെയ്യും. അതുകൊണ്ടു തന്നെ പഴയനിയമ പ്രവാചകന്മാരെ മുഴുവൻ ആവർത്തിച്ച് ഉദ്ധരിച്ചുകൊണ്ട് ദൈവത്തിന്റെ മനുഷ്യാവതാരം ഘോഷിക്കപ്പെടുന്ന പ്രസംഗമാണ് സെദറാകളിൽ ധ്യാനിക്കുന്നത്. കർത്താവ് കന്യകയ്ക്ക് മകനായി തീർന്നതിലൂടെ നീ മനുഷ്യകുലത്തെ മുഴുവൻ നിന്റെ മക്കളാക്കിത്തീർത്തു എന്നും കല്പന ലംഘനം മൂലം മനുഷ്യകുലം ധരിച്ചിരുന്ന ആക്ഷേപവസ്ത്രം ഉരിഞ്ഞ്, ദൈവത്തിന്റെ അനാദ്യന്ത കരുണ ഞങ്ങളിൽ ഉദിച്ചുകൊണ്ട് ഞങ്ങളെ മഹത്വ വസ്ത്രത്തിലേയ്ക്ക് ക്ഷണിച്ചുവെന്നും പ്രാർത്ഥിക്കുന്നു. തന്റെ രൂപത്തിലും സാദൃശ്യത്തിലും സ്വന്ത കൈയാൽ ആദാമിനെ മെനഞ്ഞവൻ സ്വയംഭൂവായി സൃഷ്ടിതമായ ഗർഭപാത്രത്തിൽ ഉരുവാകുകയും തന്റെ രൂപവും സാദൃശ്യവും ലോകത്തിന് വെളിപ്പെടുത്തുകയും ചെയ്തു; അരൂപിയും അനശ്വരനും അദൃശ്യനുമായവൻ നരനായി രൂപമെടുത്ത് ദൃശ്യാവസ്ഥയിൽ അവതരിച്ചു; അവന് സ്തുതി.

ജനുവരി മാസം ഒന്നാം തീയതി എന്നാൽ യൽദോ പെരുന്നാളിന് ശേഷം എട്ടാം നാളാണ്. തിരുവചനപ്രകാരം പ. സഭ

അന്ന് കർത്താവിന്റെ ചേലാകർമ്മപെരുന്നാൾ (വി. ലൂക്കോസ് 2:21) ആഘോഷിക്കുന്നു. ഒപ്പം വി. കപ്പദോക്യൻ പിതാക്കന്മാരുടെയും വി. സഭയെ സത്യവിശ്വാസത്തിൽ നിലനിർത്തിയുറപ്പിച്ച് വളർത്തിയ എല്ലാ മല്പാന്മാരുടെയും ഓർമ്മപ്പെരുന്നാൾ കൊണ്ടാടുന്നു. ഇന്ന് ഉപയോഗത്തിലിരിക്കുന്ന കലണ്ടർ പ്രകാരമുള്ള വർഷാരംഭവും അതേ ദിവസം വരുന്നു.

യഹോവയായ ദൈവം അബ്രഹാമിൽ ആരംഭിച്ച ഉടമ്പടിയാണ് പരിച്ഛേദന (ഉല്പത്തി 17 : 9–27). 99–ാം വയസ്സിലാണ് അബ്രഹാം പരിച്ഛേദന ഏല്ക്കുന്നത്. മകൻ ഇസ്മായേലും അവന്റെ ഭവനത്തിലെ ദാസന്മാരുൾപ്പെടെ ആൺപ്രജ മുഴുവനും പരിച്ഛേദനയേറ്റ് യഹോവയുമായി ഒരു രക്ത ഉടമ്പടിയിൽ ഏർപ്പെടുന്നു. തുടർന്ന് ഇസഹാക്കിന്റെ ജനനത്തിന്റെ എട്ടാം നാളിൽ അബ്രഹാം അവനെ പരിച്ഛേദന ചെയ്തതു മുതൽ എട്ടാം നാൾ പരിച്ഛേദന എന്ന നിയമം പ്രാബല്യത്തിൽ വരുന്നു (അപ്പോ. പ്ര. 7:2–10). ഒരു വ്യക്തിയുടെ ജനനം മുതൽ എട്ടാം നാൾ പരിച്ഛേദന നടത്തി ആ വ്യക്തിക്ക് പേരിടണം. ഭാരതീയ രീതിയിൽ കുഞ്ഞിനെ പേർ ചൊല്ലി വിളിക്കുന്ന നാമകരണ സംസ്ക്കാരമാണ് ഇത്. വി. മാമോദീസായുടെ ക്രമത്തിൽ തൈലം കൂടാതെയുള്ള ആദ്യത്തെ മുദ്രണ സമയത്താണ് പൗരസ്ത്യ ഓർത്തഡോക്സ് സഭ ഒരു വ്യക്തിയ്ക്ക് പേര് നൽകി വിളിക്കുന്നത് എന്ന് ഓർമ്മിക്കാം.

നമ്മുടെ കർത്താവിനടുത്ത പെരുന്നാളുകളിൽ ചേലാകർമ്മ പെരുന്നാളിന്റെ പ്രാധാന്യം ഒരു പക്ഷേ കുറഞ്ഞ് ആ ദിവസത്തിന് വർഷാരംഭം എന്ന അമിത പ്രാധാന്യം പലപ്പോഴും കൊടുക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ന്യൂ ഇയറിൽ (ജനുവരി 01) നന്നാകാനിരിക്കുന്ന ആത്മീയവേരില്ലാത്ത ചിലരുടെ കണ്ടുപിടുത്തമാണ് ഡിസം. 31–ന് രാത്രിയിൽ 12 മണിക്ക് വി. കുർബ്ബാന അർപ്പിച്ച് ലൈറ്റ് അണയ്ക്കുകയും വീണ്ടും കത്തിക്കുകയും ഒക്കെ ചെയ്യുന്ന പ്രതിഭാസം. അത്തരത്തിലുള്ള നാടകങ്ങൾ പ. സഭയുടെ ആരാധനാ പാരമ്പര്യത്തിൽ ഇല്ല എന്ന് പ്രത്യേകം ഓർക്കണം. പ. സഭയുടെ ആരാധനാ വർഷം ആരംഭിക്കുന്നത് കൂദോസ് ഈത്തോ പെരുന്നാളിലാണെന്ന് നാം കണ്ടുവല്ലോ.

അബ്രഹാമിൽ ആരംഭിച്ച ജഡിക പരിച്ഛേദന ക്രിസ്തുവിൽ പുതുക്കപ്പെടുമ്പോൾ നാം ആത്മിക പരിച്ഛേദന ഏറ്റവരായി ക്രിസ്തുവിൽ പുതിയ ഒരു ജനതയായി തീരുന്നുയെന്ന സത്യം വിശ്വാസികളെ ധ്യാനപൂർവ്വം പഠിപ്പിക്കേണ്ട ദിവസമാണിത്. അവ്വണ്ണം നമ്മെ വളർത്തിയ പിതാക്കന്മാരെയെല്ലാം ആ ദിവസത്തിൽ ഓർത്ത് പ.സഭയുടെ ഏറ്റവും വലിയ ഓർമ്മപെരുന്നാളായി ആ ദിവസം ആഘോഷിക്കുവാനാണ് പ. സഭ ആഹ്വാനം ചെയ്യുന്നത്. മറ്റ് പെരുന്നാൾ ദിനങ്ങൾ പോലെ പിതാക്കന്മാരുടെ പെരുന്നാൾ ക്രമത്തിൽ സന്ധ്യ മുതൽ നമസ്ക്കാരങ്ങൾ ആരംഭിച്ച് ഉച്ചവരെയുള്ള ക്രമം പൂർത്തീകരിച്ച് പെരുന്നാൾ ക്രമത്തിൽ വി. കുർബ്ബാന അർപ്പിച്ച് സെക്കുലർ പുതുവർഷത്തിലേയ്ക്ക് പ്രവേശിക്കുന്നതായിരിക്കും ഏറെ അഭികാമ്യം. ചുരുക്കത്തിൽ കർത്താവിന്റെ ചേലാകർമ്മപെരുന്നാളും പിതാക്കന്മാരുടെ ഓർമ്മ പെരുന്നാളും കഴിഞ്ഞുള്ള പ്രാധാന്യം മാത്രമേ റോമൻ കലണ്ടർ പ്രകാരമുള്ള പുതുവത്സരത്തിന് കൊടുക്കേണ്ടതുള്ളു എന്ന് സാരം.

എന്നാൽ ഇന്ന് പലപ്പോഴും നമ്മുടെ യുവതീയുവാക്കൾ ഉൾപ്പെടെ നാം ഓരോരുത്തരും ഈ പെരുന്നാൾ ദിനങ്ങൾ എന്തിനു ആഘോഷിക്കുന്നു, ആരെ നാം ഓർക്കുന്നു എന്നൊന്നും മനസ്സിലാക്കാതെയും വെറും ബാഹ്യമായ ആഘോഷങ്ങളുടെ പുറകെ ഉള്ള പരക്കംപാച്ചിലാണ്. ഇത് എന്തൊരു വേദനാജനകമായ കാര്യമാണ്. നമ്മുടെ ഓരോ ആചാര അനുഷ്ഠാനങ്ങളുടെയും പെരുന്നാളുകളുടെയും പൊരുൾ എന്താണ് എന്ന് മനസ്സിലാക്കാനുള്ള ഒരു ശ്രമം കുറഞ്ഞത് നമ്മുടെ യുവതീയുവാക്കളുടെ ഇടയിൽ എങ്കിലും ഉണ്ടാകണം. ആയതിനാൽ നമ്മുടെ ക്രിസ്തുമസ് ആഘോഷമായാലും പുതുവർഷ ആഘോഷമായാലും ഇതിലൂടെ ദൈവ മഹത്വീകരണത്തിനും ഭൂമിയിൽ ദൈവിക സമാധാനം പുനഃസ്ഥാപിക്കുവാനും ഇടയാകണം. അതിനു ദൈവം നമ്മെ സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു, ആശംസിക്കുന്നു.

ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

# പ്രസാദവർഷം

## പ്രാർത്ഥനാസംഗമം

*എല്ലാമാസത്തിലെയും രണ്ടാംവെള്ളിയാഴ്ച വൈകുന്നേരം 6 മണിമുതൽ 8 മണിവരെ*

**സന്ധ്യാനമസ്ക്കാരം | ഗാനശുശ്രൂഷ | വചനശുശ്രൂഷ | മധ്യസ്ഥ പ്രാർത്ഥന (ലുത്തീനിയ) | നേർച്ച**

"'എനിക്ക് വിശന്നു, നിങ്ങൾ ഭക്ഷിപ്പാൻ തന്നു. ദാഹിച്ചു, നിങ്ങൾ കുടിപ്പാൻ തന്നു."
(വി. മത്തായി 25:35)

# മാർ അൽവാറീസ് യൂലിയോസ് ഓർത്തഡോക്സ് മിഷൻ സെന്റർ

വരിശുദ്ധനായ മാർ അൽവാറീസ് യൂലിയോസ് തിരുമേനിയുടെ നാമത്തിൽ ദിണ്ഡിഗലിലും ശ്രീലങ്കയിലുമായി മലങ്കര ഓർത്തഡോക്സ് സഭയുടെ മദ്രാസ് ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ചിരിക്കുന്ന സംരംഭമാണിത്.

റോമൻ കത്തോലിക്കാ സഭയിലെ വൈദികനായിരുന്ന ആന്തോണിയോ ഫ്രാൻസിസ്കോ സേവിയർ അൽവാറീസ് അച്ചൻ 1980കളിൽ സത്യവിശ്വാസം എന്തെന്ന് തിരിച്ചറിയുകയും മലങ്കരസഭയിലേക്ക് കടന്നുവരികയും ചെയ്തു. ക്രാന്തദർശിയായ പുലിക്കോട്ടിൽ ജോസഫ് മാർദിവന്യാസിയോസ് അഞ്ചാമൻ തിരുമേനിയും പരിശുദ്ധനായ പരുമല തിരുമേനിയും അൽവാറീസ് അച്ചനിലുള്ള സത്യവിശ്വാസ തീഷ്ണത തിരിച്ചറിയുകയും 1889 ജൂലൈമാസം 28–ാം തീയതി പഴയസെമിനാരിചാപ്പലിൽ വച്ച് അൽവാറീസ് യൂലിയോസ് എന്ന നാമധേയത്തിൽ മെത്രാപ്പോലീത്തയായി വാഴിക്കുകയും ഗോവയുടെയും ശ്രീലങ്കയുടെയും കൂടാതെ അദ്ദേഹം നടത്തിവന്നിരുന്ന മിഷൻ പ്രവർത്തനങ്ങളുടെയും മെത്രാപ്പോലീത്തയായി നിയമിക്കുകയും ചെയ്തു. ആ പരിശുദ്ധ പിതാവ് സഞ്ചരിച്ചുപോയ പാതകളിലൂടെ സഞ്ചരിക്കുവാനും നഷ്ടപ്പെട്ടുപോയ അജഗണങ്ങളെ കൂട്ടിചേർക്കു വാനും പരിശുദ്ധനായ പിതാവിന്റെ പ്രവർത്തനങ്ങളെ പുതിയ തലമുറയിലേക്ക് പകർന്നു കൊടുക്കുവാനുമുള്ള ഉദ്യമമാണ് നടന്നു കൊണ്ടിരിക്കുന്നത്. തമിഴ് നാട്ടിലെ ദിണ്ഡിഗലിലും ശ്രീലങ്കയിലും ആയി നിരവധി പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## ശ്രീലങ്കൻ മിഷൻ

പരിശുദ്ധനായ അൽവാറീസ് തിരുമേനി തന്റെ ത്യാഗത്താലും അഷീണമായ പരിശ്രമത്താലും ശ്രീലങ്കയുടെ വിവിധ ഭാഗങ്ങളിൽ നാൽപതിലധികം ദേവാലയങ്ങൾ മലങ്കരസഭയ്ക്ക് വേണ്ടി നേടിയെടുത്തു. എന്നാൽ പരിശുദ്ധ തിരുമേനിയുടെ കാലശേഷം മലങ്കരസഭയ്ക്ക് അത് നഷ്ടമായി. നഷ്ടപ്പെട്ടുപോയവയെ തിരിച്ചെടുക്കുവാനായിട്ടുള്ള പ്രവർത്തനങ്ങളാണ് ഇവിടെ നടന്നു വരുന്നത്

## സൗജന്യഭക്ഷ്യവിതരണം

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ മദ്രാസ് ഭദ്രാസനത്തിന്റെ കീഴിലുള്ള മിഷൻ പ്രോജക്ട് ആയ അൽവാറിയോസ് യൂലിയോസ് സെന്ററിന്റെ (ദിണ്ഡിഗൽ) നേതൃത്വത്തിൽ ഗവൺമെന്റ് ആശുപത്രിയിൽ രോഗികൾക്കും പരിചാരകർക്കും ദിവസേന ഉച്ചഭക്ഷണം നൽകിവരുന്നു.

## മെഡിക്കൽ ക്യാമ്പുകൾ

കൃത്യമായ ഇടവേളകളിൽ ഗ്രാമങ്ങളിലെ ആളുകൾക്ക് സഹായം ആകുന്ന തരത്തിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തി വരുന്നു.

## ജൈവഭക്ഷ്യ ഉല്പാദന യൂണിറ്റ്

വിഷമലിനമായ ഭക്ഷ്യ ഉൽപ്പന്നങ്ങളിൽ നിന്നും സമൂഹത്തെ രക്ഷിക്കുന്നതിനോടൊപ്പം ആളുകൾക്ക് തൊഴിൽ നൽകുക എന്ന ലക്ഷ്യത്തോടുകൂടി ആരംഭിച്ചിരിക്കുന്ന ഒരു സംരംഭമാണ് ജൈവഭക്ഷ്യ ഉത്പാദനയൂണിറ്റ്.

ഇത്രയധികം പ്രാധാന്യമുള്ള പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാകാം അനുദിന പ്രാർത്ഥനയിൽ ഓർക്കാം.

**ഇതിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് കൂടുതൽ അറിയുവാൻ**

**Fr. SHAINU SHAJI**
Director
Mar Alvares Julius Orthodox Centre, Dindigul
Ph:+91 9995759433

# നന്മയുടെ വഴിയിൽ: കുടുംബവും യുവത്വവും ആത്മീയതയും...

അനിൽ ജോൺ

മാറ്റങ്ങൾ അതിവേഗം സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. സാങ്കേതികവിദ്യ ലോകത്തെ വിരൽത്തുമ്പിലാക്കിയപ്പോൾ, മനുഷ്യ ബന്ധങ്ങൾക്കിടയിലെ ദൂരം വർദ്ധിക്കുന്നുവോ എന്നചോദ്യം പ്രസക്തമാണ്. ഈ ആധുനികതയുടെ വേലിയേറ്റത്തിൽ ദൈവികമായ മൂല്യങ്ങളും കുടുംബബന്ധങ്ങളുടെ കെട്ടുറപ്പും മുറുകെപിടിക്കുക എന്നത് ഏറെ പ്രധാനമാണ്.

### യുവജനങ്ങളുടെ നേരായ ചുവടുവെപ്പുകൾ :

യുവത്വം ഒരുജനതയുടെ ഊർജ്ജമാണ്. ഇന്നത്തെ യുവതല മുറപലപ്പോഴും വഴിതെറ്റിപ്പോകുന്നു എന്നപരാതി വ്യാപകമാണെങ്കിലും, സത്യസന്ധതയോടെയും സാമൂഹിക പ്രതിബദ്ധതയോടെയും മുന്നേറുന്ന ഒരുവലിയവിഭാഗം നമുക്കിടയിലുണ്ട്. ഭൗതികമായ നേട്ടങ്ങൾക്കപ്പുറം, മറ്റുള്ളവരുടെ വേദനകളിൽ പങ്കുചേരാനും പരിസ്ഥിതിയോട് ആദരവ് കാണിക്കാനും അവർപഠിക്കുന്നു. ദൈവഭയവും ധാർമ്മികബോധവും കൈവിടാത്ത ഒരുയുവത്വത്തിനു മാത്രമേ സമൂഹത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ സാധിക്കൂ. അലസത വെടിഞ്ഞ് കഠിനാധ്വാനം ശീലമാക്കുന്നതും, ലഹരിപോലുള്ള വിപത്തുകളിൽനിന്ന് അകന്നുനിൽക്കുന്നതും നേരായവഴിയുടെഅടയാളങ്ങളാണ്.

### കുടുംബബന്ധങ്ങളുടെ അടിയുറച്ച ജീവിതരീതി :

സമൂഹത്തിന്റെ അടിസ്ഥാന യൂണിറ്റാണ് കുടുംബം. ഒരുവീട് സ്വർഗ്ഗമാകുന്നത് അവിടുത്തെ സ്നേഹവും പ്രാർത്ഥനയും വഴിയാണ്. മാതാ പിതാക്കളും മക്കളും തമ്മിലുള്ള ദൃഢമായ ബന്ധം വ്യക്തിയുടെ വളർച്ചയിൽ നിർണ്ണായകമാണ്. മുതിർന്നവരെ ബഹുമാനിക്കാനും ഇളയവരെ സ്നേഹിക്കാനും പഠിപ്പിക്കുന്ന പാഠശാലയായി കുടുംബംമാറണം. വിട്ടുവീഴ്ചാമനോഭാവവും പരസ്പരവിശ്വാസവുമാണ് ഒരുകുടുംബത്തിന്റെ കരുത്ത്. ദൈവീകമായ ഇടപെടലുകൾ കുടുംബജീവിതത്തിൽ ഉണ്ടകുമ്പോൾ അവിടെ സമാധാനവും സംതൃപ്തിയും നിലനിൽക്കുന്നു....

### ദാമ്പത്യം:

### സ്നേഹത്തിന്റെയും ബഹുമാനത്തിന്റെയും സംഗമം :

പരസ്പരധാരണയിൽ അധിഷ്ഠിതമായ ഒരുദാമ്പത്യമാണ് സന്തോഷകരമായ കുടുംബത്തിന്റെ അടിത്തറ. ദാമ്പത്യം എന്നത് വ്യക്തികൾ തമ്മിലുള്ള കരാറല്ല, മറിച്ച് ആത്മീയമായ ഒരു ഉടമ്പടിയാണ്. പരസ്പരമുള്ള സ്നേഹവും ബഹുമാനവും കുറയുമ്പോഴാണ് ദാമ്പത്യത്തിൽ വിള്ളലുകൾ വീഴുന്നത്. പങ്കാളിയുടെ പോരായ്മകളെ അംഗീകരിക്കാനും പ്രതിസന്ധികളിൽ തളരാതെ ചേർന്നു നിൽക്കാനും ദമ്പതികൾക്ക് സാധിക്കണം.'ഞാൻ' എന്നതിലുപരി 'നമ്മൾ' എന്ന ചിന്താഗതി വളർത്തിയെടുക്കുന്നത് ദാമ്പത്യത്തെ മനോഹരമാക്കും.

### സാമൂഹിക പ്രതിബദ്ധതയും സാഹോദര്യവും

നാം ഓരോരുത്തരും സമൂഹത്തിന്റെഭാഗമാണ്. സത്യസന്ധതയും നീതിബോധവും നമ്മുടെ ജീവിതശൈലിയായി മാറണം. സഹോദര്യമെന്നത് കേവലംവാക്കിലല്ല, പ്രവൃത്തിയിലാണ് പ്രകടമാകേണ്ടത്. ജാതി മത ചിന്തകൾക്കതീതമായി മനുഷ്യനെ സ്നേഹിക്കാനും ക്ലേശമനുഭവിക്കുന്നവർക്ക് താങ്ങാവാനും നമുക്ക് കഴിയണം. പ്രതിസന്ധികൾ വരുമ്പോൾ തളർന്നു പോകാതെ, ദൈവത്തിലുള്ള വിശ്വാസത്തോടെ അവയെ നേരിടുക എന്നതാണ് ഒരുവിശ്വാസിയുടെ ലക്ഷണം. കഷ്ടപ്പാടുകൾ ജീവിതത്തിന്റെ ഭാഗമാണെന്നും അവ നമ്മെ കൂടുതൽകരുത്തരാക്കുമെന്നും തിരിച്ചറിയണം.

### ഉപസംഹാരം

ലളിതവും അർത്ഥപൂർണ്ണവുമായ ഒരുജീവിത ശൈലിയാണ് ഇന്നത്തെ കാലഘട്ടം ആവശ്യപ്പെടുന്നത്. അത്യാഗ്രഹങ്ങളെ നിയന്ത്രിച്ചും സ്നേഹവും കരുണയും ജീവിതത്തിൽ പകർത്തിയും നമുക്ക് മുന്നേറാം. ദൈവീകമായ വെളിച്ചം ഉള്ളിൽ പേറുന്ന ഒരുതലമുറയ്ക്ക് മാത്രമേ ലോകത്തിന് നന്മയുടെ പാത കാട്ടിക്കൊടുക്കാൻ സാധിക്കൂ. സമാധാനവും സ്നേഹവും നിറഞ്ഞ ഒരു നല്ല നാളെയക്കായി നമുക്ക് കൈകോർക്കാം.

# നിർമ്മിതബുദ്ധി (AI) സാദ്ധ്യതകളും വെല്ലുവിളികളും

ജിജു തോമസ്

നിർമ്മിതബുദ്ധിയുടെ (Artificial Intelligence) കാലത്ത് നിർമ്മിതബുദ്ധി മൂലമുള്ള പ്രയോജനങ്ങളും സാദ്ധ്യതകളും വെല്ലുവിളികളുമാണ് ഇവിടെ പങ്കുവെയ്ക്കുവാൻ ഉദ്ദേശിക്കുന്നത്.

## I. ജോലി ഇല്ലാതാകുമോ?

നിർമ്മിത ബുദ്ധി നിലവിലുള്ള ജോലികൾ ഇല്ലാതാക്കുമോ? അതോ പുതിയ ജോലി സാധ്യതകൾ കൊണ്ടുവരുമോ? ശരിയെന്നോ തെറ്റെന്നോ ഉള്ള ഒരു നേരുത്തരം ഇതിനു സാധ്യമല്ല. തീർച്ചയായും പുതിയ തൊഴിൽ മേഖലകൾ കൊണ്ടുവരും. അതോടൊപ്പം ചില തൊഴിലുകൾ ഇല്ലാതായേക്കാം, എന്നാൽ നിലവിലുള്ള ജോലികളിൽ നിർമ്മിത ബുദ്ധിയുടെ ശരിയായ ഉപയോഗം മൂലം ഉത്പാദനക്ഷമത (Productivity) കൂടുകയും, അതിനാൽ കൂടുതൽ കാര്യക്ഷമതയോടെയും (Efficiency) കൃത്യതയോടെയും (Accuracy) ജോലി പൂർത്തീകരിക്കുന്നതിന് ഇടയാക്കുകയും ചെയ്യും. അതിലൂടെ നിർമ്മിത ബുദ്ധി ഉപയോഗിക്കാത്തവരേക്കാൾ, ഉപയോഗിക്കുന്നവർക്ക് കൂടുതൽ മികവ് പ്രകടിപ്പിക്കുന്നതിന് കഴിയും. അതായത് നിർമ്മിത ബുദ്ധി ഉപയോഗിക്കാത്തവരുടെ ജോലി ഇല്ലാതായേക്കാം.

അതേസമയം ശ്രദ്ധയോടെയല്ലാതെ നിർമ്മിത ബുദ്ധി ഉപയോഗിക്കുന്നത് പ്രതികൂലമോ (Negative) വിപരീതമോ (Reverse) ആയ ഫലങ്ങൾ ഉളവാക്കും. സാങ്കേതിക മികവുള്ള (Technically competent) ഒരാൾക്ക് കൂടുതൽ മികവോടെയും വേഗത്തിലും ജോലി പൂർത്തീകരിക്കുന്നതിന് സഹായിക്കും. എന്നാൽ ഇതുതന്നെ ഏതുതരം ജോലി (Type of Job) എന്നതിനെയും അതിന്റെ സങ്കീർണ്ണതയെയും (Complexity) അനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കും.

## II. നിർമ്മിത ബുദ്ധി ഉപയോഗിക്കാവുന്ന മേഖലകൾ

വിവിധ തൊഴിൽ മേഖലകളിൽ അതിന്റെ വിവിധ ഘട്ടങ്ങളിൽ നിർമ്മിത ബുദ്ധി ഉപയോഗിക്കാം. എന്നാൽ ചില മേഖലകളിൽ നിർമ്മിത ബുദ്ധിയുടെ പ്രയോജനമോ ഉപയോഗമോ വളരെ കുറവായിരിക്കും. നിർമ്മിത ബുദ്ധി ഉപയോഗപ്പെടുത്താവുന്ന ചില വ്യത്യസ്തമായ മേഖലകളെക്കുറിച്ചാണ് ഇനി പ്രതിപാദിക്കുന്നത്.

### 1. സോഫ്റ്റ്വെയർ നിർമ്മാണം (Software Development)

സോഫ്റ്റ്വെയർ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലും മേഖലകളിലും വളരെ കാര്യക്ഷമമായി നിർമ്മിതബുദ്ധി ഉപയോഗിക്കുന്നുണ്ട്. ഇത് പല മുഷിപ്പൻ പണികളും വേഗത്തിലാക്കുന്നതിനും മികവുള്ളതാക്കുന്നതിനും സഹായിച്ചിട്ടുണ്ട്.

#### a. ആവശ്യകതാ ശേഖരണം (Requirement Gathering)

ആവശ്യകതകളെ വ്യക്തമായി ക്രമപ്പെടുത്തുന്നതിനും ആവശ്യമായ രീതിയിൽ പ്രതീകാത്മകമായി Process Maps/-Flowcharts, Mind Maps , User Story Maps, Use Case Diagrams, Sequence Diagrams, and Gantt Charts, Wireframes/Mockups, Entity Relationship Diagrams മുതലായവയിലൂടെ അവതരിപ്പിക്കുന്നതിനും നിർമ്മിത ബുദ്ധി ഉപയോഗിക്കാം.

എന്നാൽ വ്യക്തിഗത വിവരങ്ങൾ, ആരോഗ്യപരമായ രേഖകൾ, പാസ്സ്വേർഡുകൾ, രഹസ്യാത്മകമായി സൂക്ഷിക്കേണ്ട കാര്യങ്ങൾ എന്നിവ നിർമ്മിത ബുദ്ധിക്ക് ഉപയോഗിക്കാവുന്ന അവസ്ഥ ഉണ്ടാകാതെ സൂക്ഷിക്കണം.

#### b. ഡെവലപ്മെന്റ്

Boiler Plate നിർമ്മിക്കുന്നത്, Code നിർദ്ദേശിക്കൽ (code suggestion), code optimisation, ഒരു കമ്പ്യൂട്ടർ ഭാഷയിൽ നിന്ന് വേറൊന്നിലേക്ക് മാറ്റുന്നതിന്, Code പൂർത്തീകരിക്കുന്നതിന് (Code Completion), പഴയതോ കാലഹരണപ്പെട്ടതോ ആയ സാങ്കേതിക വിദ്യയിൽ നിന്ന് (Legacy or obsolete technologies) ആധുനിക സാങ്കേതികതയിലേക്ക് (modern Technology) പരിവർത്തനം (Transition) ചെയ്യുന്നതിന് എന്നിങ്ങനെ പല മേഖലകളിലും നിർമ്മിത ബുദ്ധി ഫലപ്രദമായി ഉപയോഗിക്കുന്നുണ്ട്.

#### c. പ്രോജക്ട് മാനേജ്മെന്റ്

വിവിധ പ്രോജക്ട് മാനേജ്മെന്റ് ടൂളുകൾ കൂടുതൽ കൃത്യതയോടെയും വേഗത്തിലും ഉപയോഗിക്കുന്നതിന് നിർമ്മിത ബുദ്ധി ഇപ്പോൾ വ്യാപകമായി ഉപയോഗിക്കുന്നു. അതുമൂലം പ്രോജക്ടുകളിലെ തടസ്സങ്ങളും (Blockers) കാലവിളംബവും

(Delay) മനസ്സിലാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും അങ്ങനെ പ്രൊജക്ട് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും സാധിക്കും.

### d. കോഡ് റിവ്യൂ

കോഡ് പരിശോധന (Code Review) ചെയ്യുന്നതിന് നിർമ്മിത ബുദ്ധി ഫലപ്രദമായി ഉപയോഗിക്കാവുന്നതാണ്. കോഡ് പരിശോധന പൂർണ്ണമായോ, അധിക പരിശോധകൻ എന്ന നിലയിലോ നിർമ്മിതബുദ്ധി ഉപയോഗിക്കാവുന്നതാണ്. അതുമൂലം മാനുവൽ റിവ്യൂവിൽ വിട്ടുപോകാവുന്ന പ്രശ്നങ്ങൾ കണ്ടുപിടിക്കുവാനും അവ പരിഹരിക്കുവാനും സാധിക്കും .

### e. യൂണിറ്റ് ടെസ്റ്റിംഗ്

യൂണിറ്റ് ടെസ്റ്റിംഗ് കോഡ് എഴുതുക എന്ന ശ്രമകരവും, സമയം ഏറെ വേണ്ടതുമായ ജോലി നിർമ്മിത ബുദ്ധിയുടെ സഹായത്താൽ എളുപ്പത്തിലും (Easily) വേഗത്തിലും (Speedy) ചെയ്യുവാൻ കഴിയുന്നു.

### 2. പുരാതന രേഖകൾ/ലിഖിതങ്ങൾ

പുരാതന രേഖകളും ലിഖിതങ്ങളും വായിക്കുന്നതിന് നിർമ്മിത ബുദ്ധി ഉപയോഗിക്കാവുന്നതാണ്. പല തെറ്റുകൾ ഒഴിവാക്കുന്നതിനും കൂടുതൽ വ്യക്തതയോടെ വായിക്കുന്നതിനും, വ്യാജ രേഖകൾ കണ്ടെത്തുന്നതിനും നിർമ്മിത ബുദ്ധി സഹായിച്ചേക്കാം. പുരാതന ലിഖിതങ്ങൾ വായിക്കുന്നതിനുള്ള പല കഷ്ടതകളും നിർമ്മിത ബുദ്ധിയുടെ ഉപയോഗത്തിലൂടെ പരിഹരിക്കാനായേക്കും. ഉദാഹരണമായി ശബരിമലയുമായി ബന്ധപ്പെട്ട വ്യാജമായി നിർമിച്ച വട്ടെഴുത്തിലുള്ള ഒരു ലിഖിതം വായിക്കുകയും അതിൽ വ്യത്യസ്ത കാലഘട്ടത്തിലെ അക്ഷരങ്ങൾ ഉപയോഗിച്ചിരുന്നു എന്നത് തിരിച്ചറിയപ്പെടാനാവാതെ പോകുകയും ചെയ്തത്, പ്രഗൽഭനും പ്രശസ്തനുമായ ചരിത്രകാരന്റെ വിശ്വാസ്യതയെ ചോദ്യം ചെയ്യുന്ന അവസ്ഥയിൽ എത്തിയതു പോലെയുള്ള സംഭവങ്ങൾ ഒഴിവാക്കുവാൻ നിർമ്മിത ബുദ്ധിയുടെ ഉപയോഗം മൂലം കഴിഞ്ഞേക്കാം.

അതുപോലെ കാലങ്ങളായി വായിക്കാൻ പറ്റാതിരുന്ന ലിപികൾ (ഉദാഹരണമായി സൈന്ധവ ലിപികൾ) വായിക്കുന്നതിനും ലിപി ഏതാണെന്ന് വ്യക്തമാക്കാതിരിക്കുന്ന ലിഖിതങ്ങൾ (കേരളത്തിലെ പേർഷ്യൻ കുരിശുകളിലെ പഹ് ലവി ലിപിയിലേതെന്ന് വിചാരിക്കുന്ന ലിഖിതങ്ങൾ) വായിച്ചെടുക്കുന്നതിനും നിർമ്മിത ബുദ്ധി സഹായിച്ചേക്കാം.

### 3. സംഗീതം ചിത്രരചന

പാട്ടുകൾക്ക് സംഗീതം നൽകുക, ഡിജിറ്റൽ ചിത്രങ്ങൾ നിർമ്മിക്കുക, എന്നിവയ്ക്ക് നിർമ്മിത ബുദ്ധി ഉപയോഗപ്പെടുത്താവുന്നതാണ്

## III. ജോലി സാധ്യതകൾ

ഡാറ്റ അനലിസ്റ്റിക് (Data Analystic), ഡാറ്റ സയൻസ് (Data Science), മെഷ്യൻ ലേണിംഗ് (Machine Learnining), എന്നീ മേഖലകളിൽ പുതിയ ജോലി സാധ്യതകൾ വരുന്നതിനോടൊപ്പം നിർമ്മിത ബുദ്ധിയുടെ സഹായത്തോടെ മറ്റു ജോലികൾ ചെയ്യുന്നതിനുള്ള പരിശീലനം നേടുക. വ്യക്തമായും ഉപയോഗപ്രദമായ രീതിയിൽ പ്രോംപ്റ്റുകൾ (Prompt) തയ്യാറാക്കുക ,സുരക്ഷിതമായ രീതിയിൽ നിർമ്മിത ബുദ്ധി ഉപയോഗിക്കുന്നതിൽ പരിശീലനം നേടുക, നിയമപരമായ വെല്ലുവിളികൾ പരിശോധിക്കുക, അവ നേരിടുക, എന്നിങ്ങനെ അനുബന്ധമായ തൊഴിൽ അവസരങ്ങൾ ഉയർന്നുവരും.

ഡാറ്റാ സംഭരണവും (Data Storage), അവയുടെ കൈകാര്യം ചെയ്യൽ (Data Handling), ഡാറ്റസുരക്ഷ (Data Security), അതുമായി ബന്ധപ്പെട്ട നിയമപ്രശ്നങ്ങൾ, എന്നിവയിൽ ഉയർന്ന തൊഴിലവസരങ്ങൾ ഉണ്ടാകാം.

## IV. പഠന മേഖലകൾ

രേഖീയ ബീജഗണിതം (Linear Algebra), കലനം (Calculus), സംഭാവ്യത (Probability), സാംഖ്യകം (Statistics) എന്നീ ഗണിതശാസ്ത്രവിഷയങ്ങളും, പൈത്തൻ പ്രോഗ്രാമിംഗ്, സി ++, ഡാറ്റാ ഘടന (Data Structure), നിർദ്ധാരണം (Algorithm) മുതലായ പ്രാഥമിക കമ്പ്യൂട്ടർ സയൻസ് വിഷയങ്ങളും, മെഷീൻ ലേണിംഗ് (Machine Learning), സ്വാഭാവിക ഭാഷാ സംസ്കരണം (Natural Language Processing), നൂറൽ നെറ്റ് വർക്ക് (Neural Network), ഡീപ്പ് ലേണിംഗ് മുതലായയും നിർമ്മിത ബുദ്ധിയുമായി ബന്ധപ്പെട്ട പ്രാധാന്യമുള്ള പഠന വിഷയങ്ങളാണ്.

ഡാറ്റാ സയൻസ്, ഡാറ്റാ അനലിറ്റിക്സ്, മെഷ്യൻ ലേണിംഗ് തുടങ്ങി നിർമ്മിതബുദ്ധിയുമായി ബന്ധപ്പെട്ട മേഖലകളിൽ സ്വതന്ത്രമായ തൊഴിലവസരങ്ങൾ കുറഞ്ഞുവരികയാണ്. ഭാവിയിൽ ഈ മേഖലകളിൽ സ്വതന്ത്രമായ തൊഴിലുകൾ കാണുവാൻ ഇടയില്ല. എന്നാൽ മറ്റു തൊഴിൽ മേഖലകളിലുള്ളവർക്ക് ഡാറ്റാ സയൻസ്, ഡാറ്റാ അനലിറ്റിക്സ്, മെഷ്യൻ ലേണിംഗ് തുടങ്ങി നിർമ്മിതബുദ്ധിയുടെ ഉപയോഗത്തിലും പ്രവർത്തനത്തിലും അധികവൈദഗ്ദ്ധ്യം ഉണ്ടാവുന്നത് ജോലി കിട്ടുന്നതിനും, ഉയർന്ന ജോലിയിലേക്ക് മാറുന്നതിനും പ്രയോജനകരമായിത്തീരും. അതിനാൽ വളരെക്കുറച്ചു തൊഴിലവസരങ്ങൾ മാത്രമുള്ളതായ നിർമ്മിതബുദ്ധിയുടെ നിർമ്മാണത്തിലൊഴികെ (Software Development for creating AI), നിർമ്മിതബുദ്ധിയുമായി മാത്രം ബന്ധപ്പെട്ട പഠനം ജോലി നേടുന്നതിന് വളരെ സഹായിക്കില്ല.

## V. നിർമ്മിത ബുദ്ധി ഉപകരണങ്ങൾ (AI Tools)

ഉപയോഗങ്ങൾക്ക് അനുസരിച്ച് ഫലപ്രദമായ ടൂളുകൾ തിരഞ്ഞെടുക്കേതാണ്. വ്യത്യസ്ത ആവശ്യങ്ങൾക്ക് പ്രത്യേകമായ ടൂളുകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

ഉദാഹരണമായി സോഫ്റ്റ്വെയർ ഡെവലപ്മെന്റിനായി Claude , CoPilot എന്നീ ടൂളുകൾ കൂടുതൽ അനുയോജ്യമാണ് എന്നാൽ ഡിജിറ്റൽ ചിത്രങ്ങൾ Google Gemini ഉപയോഗിച്ച് അനായാസേന നിർമ്മിക്കാം. ശരിയായി ടൂളുകൾ തിരഞ്ഞെടുക്കുകയും ശരിയായി നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക എന്നത് പ്രാധാന്യം അർഹിക്കുന്നു.

നിർമ്മിതബുദ്ധി നമ്മുടെ ശത്രുവല്ല,
മറിച്ച് നമ്മുടെ സുഹൃത്താണ്.

ഷൈബി ജോബി

# സ്നേഹ താരകം

വിണ്ണിൻമടിയിലെ താരകമേനീ
മണ്ണിന്റെ മാനവൻ മേരിതനുജൻ
പൊൻതാരകമായി കാലിതൊഴുത്തിൽ
പൊൻപ്രഭതൂകി ഉറങ്ങുന്നകണ്ടുവോ

ആരവമില്ല ആർഭാടമില്ല
ആർപ്പുവിളിക്കുവാനാരുമില്ല
വിണ്ണിലെ താരകം മണ്ണിലുദിച്ചു
വിണ്ണിലെ മാലാഖ കീർത്തനംപാടി

മലർകളെ മൂടും തുഷാരബിന്ദുക്കൾ
ഇലകളെ മാടിവിളിക്കുന്നുമാരുതൻ
പുളകിതയാകുന്നു വാനവും ഭൂമിയും
കളകളാരവമാർന്നു പക്ഷിമൃഗാദികൾ

മാരിക്കായ് കാത്തിടും വേഴാമ്പൽ പോലെ
മാനവൻ കാത്തൊരു പൊൻതാരകം
ചുറ്റിടും മാനവപാപശാപങ്ങളെ
ഏറ്റിടുംപൂർണ്ണമായ്തൻതനുവിൽ

ചാറ്റൽമഴയിൽ നനഞ്ഞ കുരുവീ നീ
ചാരത്തണയുവാൻ കൂടൊരുക്കുന്നവൻ
പാറ്റിയുണക്കുവാൻ വാരിപ്പുണരുവാൻ
കാറ്റായണയുമാ കാരുണ്യരൂപൻ ..

ആരിട്ടു നിന്നുടെ കൈകാൽ വിലങ്ങുകൾ
വേറിട്ട് നൽകുമാ സ്നേഹസ്വരൂപൻ
വാരിപുണർന്നിടും കണ്ണീർ തുടച്ചിടും
പുൽകൂട്ടിൽ പൂത്തൊരു
പൊൻതാരകം

# PARISH PRIESTS & FORMER VICAR

## PARISH PRIESTS

Rev.Fr. P.M.Abraham

Rev. Fr. Anup George

Rev.Fr. George Varghese

Very Rev. Jacob John
Cor Episcopa

Rev.Fr. Philopose Daniel

Rev.Fr. Alex P. Zacharia

Rev.Fr. Simon Lukose

Rev.Fr. Jojy K. Joy

Rev.Fr. Jacob George

Rev.Fr. Varghese Idavana

Rev.Fr. M. Jacob

Rev.Fr. P.M. Abraham

Very Rev. John C. Varghese
Cor Episcopa

Rev.Fr. Alexander
Koodarathil

Rev.Fr. Shiju Baby



വൈദിക ശ്രേഷ്ഠ പദവിയായ
കോർ എപ്പിസ്ക്കോപ്പാ സ്ഥാനത്തേക്ക്
ഉയർത്തപ്പെട്ട ഇടവകയുടെ മുൻ വികാരി
**വെരി. റവ. ജോസഫ് സാമൂവേൽ**
**കോർ എപ്പിസ്ക്കോപ്പായ്ക്ക്**
പെരിങ്ങനാട് മർത്തശ്മൂനി ഓർത്തഡോക്സ്
വലിയ പള്ളിയിലെ ശ്മൂനി പ്രവാസി ഫോറത്തിന്റെ
**പ്രാർത്ഥനാ ആശംസകൾ..!**

ഉപകാരസ്മരണ

ഒരു വിശ്വാസി

ഉപകാരസ്മരണ

ഒരു വിശ്വാസി

# പാവന സ്മരണയ്ക്ക്...

സാറാമ്മ മത്തായി ഗീവർഗ്ഗീസ് മത്തായി

കാട്ടയ്യത്ത് മുകളുവിള

"അവയുടെ ഫലങ്ങൾ കൊണ്ടാണ് നിങ്ങൾ അവയെ അറിയുക"

കവിത ജി. പണിക്കർ

# ക്രിസ്മസ് ട്രീയും നമ്മുടെ ജീവിതവും

മത്തായി 7:15 20, യേശു നമ്മെ ഒരുപ്രധാന സത്യം പഠിപ്പിക്കുന്നു. ഒരു വൃക്ഷം നല്ലതാണോ ചീത്തയാണോ എന്ന് അതിന്റെ ഫലങ്ങൾ കണ്ടാണ് നാം തിരിച്ചറിയുന്നത്. നല്ല വൃക്ഷം നല്ല ഫലം കായ്ക്കും ചീത്ത വൃക്ഷം ചീത്തഫലം കായ്ക്കും. ക്രിസ്മസ് കാലത്ത് നാം കാണുന്ന ക്രിസ്മസ് ട്രീ ഇതിന് ഒരു നല്ല ഉദാഹരണമാണ്. ട്രീ പുറമെ ഭംഗിയായി അലങ്കരിച്ചിരിക്കും. ലൈറ്റുകളും അലങ്കാരങ്ങളും സമ്മാനങ്ങളും ഒക്കെ കൂടി കാഴ്ചയിൽവളരെമനോഹരമാണ്.

എന്നാൽ യേശു നമ്മെ പഠിപ്പിക്കുന്നത് പുറമേ കാണുന്ന ഭംഗിയല്ല, ഉള്ളിൽ നിന്ന് വരുന്ന ഫലങ്ങളാണ് പ്രധാനമെന്ന്. ക്രിസ്മസിൽ കൂടി നാം ആഘോഷിക്കുന്നത് യേശു ക്രിസ്തുവിന്റെ ജനനമാണ്. യേശു ലോകത്തിലേക്ക് വന്നത് സ്നേഹവും സമാധാനവും സത്യവും പഠിപ്പിക്കാൻ ആയിരുന്നു. ഈ പശ്ചാത്തലത്തിൽ ക്രിസ്മസ് ട്രീ നമ്മുടെ സ്വന്തം ജീവിതത്തിന്റെ പ്രതീകമായി മാറുന്നു നമ്മൾ പുറമേ വിശ്വാസത്തിന് അലങ്കാരങ്ങൾ മാത്രം ധരിച്ചവരോ? അല്ലെങ്കിൽ ക്രിസ്തുവിൽ ആഴത്തിൽ വേരൂന്നിനല്ല ഫലങ്ങൾ കായ്ക്കുന്നവരോ ആണോ എന്ന് ചോദ്യമാണ് ഇവിടെ ഉയരുന്നത്.

സ്നേഹം, കരുണ, ക്ഷമ, വിനയം, സഹോദര സ്നേഹം തുടങ്ങിയവയാണ് നല്ല ഫലങ്ങൾ. ഒരു വൃക്ഷം നല്ല ഫലം കായ്ക്കാൻ ശക്തമായ വേരുകൾ ആവശ്യമായതുപോലെ നമ്മുടെ ജീവിതവും ക്രിസ്തുവിൽ ഉറച്ചിരിക്കണം. ശക്തമായ വേരുകൾ ഇല്ലെങ്കിൽ എത്ര മനോഹരമായ അലങ്കാരങ്ങൾ ഉണ്ടായാലും അതിന് മൂല്യമില്ല.

കള്ളപ്രവാചകൻമാരെ കുറിച്ചുള്ള യേശുവിൻറെ മുന്നറിയിപ്പ് നമ്മെ ആത്മപരിശോധനക്ക് വിളിക്കുന്നു. ക്രിസ്മസ് ആഘോഷങ്ങളിൽ മുഴുകുമ്പോൾ അതിന്റെ യഥാർത്ഥ അർത്ഥം മറക്കാതിരിക്കണം. ക്രിസ്മസ് ട്രീ നമ്മെ ഓർമിപ്പിക്കുന്നത് നമ്മുടെ വിശ്വാസം കാലാനുസൃതമായതല്ല, മറിച്ച് വർഷം മുഴുവൻ ഫലം കായിക്കുന്നതാകണമെന്നാണ്.

ക്രിസ്മസ് ട്രീക്ക് അരികെനിൽക്കുമ്പോൾ യേശുവിന്റെ ഈവാക്കുകൾ നമുക്ക് ഓർമിക്കാം. "അവയുടെ ഫലങ്ങൾ കൊണ്ട് നിങ്ങൾ അവയെ അറിയുക"

ക്രിസ്തുവിൻറെ ജനനം ലോകത്തിലേക്ക് വെളിച്ചം കൊണ്ടു വന്നതുപോലെ നമ്മുടെ ജീവിതവും ദൈവത്തെ മഹത്വപ്പെടുത്തുന്ന നല്ല ഫലങ്ങൾ കൊണ്ട് മറ്റുള്ളവർക്ക് സന്തോഷവും സമാധാനവും പ്രത്യാശയും നൽകുന്നത് ആയിരിക്കട്ടെ.

റിപ്പോർട്ട്

റിബു ബേബി

# കർമ്മവീഥികളിലൂടെ

പ്രവാസമെന്നത് അനുഭവിച്ചറിയേണ്ട ഒരു അനുഭൂതി തന്നെയാണ്.
സ്വന്തം മണ്ണിലെ വേരറുത്ത് ജീവിത മാർഗ്ഗം തേടിയിറങ്ങിപ്പോയവരുടെ അതിജീവനത്തിന്റെയുംആത്മസമർപ്പണത്തിന്റെയും ആകെതുകയാണ് നാം ഇന്ന് കാണുന്ന സൗഭാഗ്യങ്ങളുടെ ഭൂരിഭാഗവും. അണുകുടുംബ സംസ്ക്കാരം വ്യാപരിക്കപ്പെടുന്ന വർത്തമാനകാലത്ത് മാതൃദൈവാലയത്തിലെ എല്ലാപ്രവാസികളും കുടുംബാംഗങ്ങളും ഒന്നിച്ചുചേരുന്നതിനും വ്യക്തിബന്ധങ്ങൾ കാത്തുസൂക്ഷിക്കുന്നതിനും രൂപീകൃതമായ ശ്മൂനിപ്രവാസി ഫോറത്തിന്റെ പ്രവർത്തനങ്ങൾക്ക് 3 വയസ് പിന്നിട്ടിരിക്കുന്നു. ഈ ചുരുങ്ങിയകാലയളവിൽ അനേകർക്ക് ആശ്വാസത്തിന്റെ പുഞ്ചിരിവെട്ടം തെളിയിച്ചുകൊണ്ട് അനുഗ്രഹപൂർണ്ണമായ ജൈത്രയാത്രതുടരുന്നു.

ലോകത്തിന്റെ നാനാഭാഗങ്ങളിലുള്ള ഇടവകമക്കൾ തങ്ങളുടെതായ ജീവിത തിരക്കുകൾക്കിടയിലും അൽപ സമയം കണ്ടെത്തി ഇടവകവികാരി ബഹു.തോമസ് പി. മുകളിൽ അച്ചന്റെ മഹനീയ അധ്യക്ഷതയിൽ എല്ലാ മാസവും ഓൺലൈനായി ഒത്തുചേരുകയും ആത്മീയ പരിപോഷണങ്ങളോടൊപ്പം ഇടവകക്ക് കൈ താങ്ങാവുന്ന പ്രവർത്തങ്ങളും നടത്തിവരുന്നു. 2025 26 പ്രവർത്തന വർഷത്തിൽ വൈസ്പ്രസിഡന്റ് ശ്രീ.വിൻസി ജോർജ്, സെക്രട്ടറി ശ്രീ. റിബുബേബി, ജോയിന്റ് സെക്രട്ടറി ശ്രീ. സുനിൽജോൺ, ട്രഷറർ ശ്രീമതി. അനു എബ്രഹാമും വിവിധ രാജ്യങ്ങളെ പ്രധിനിധീകരിക്കുന്ന അംഗങ്ങൾ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായി നേതൃത്വം നൽകി വരുന്നു.

മുൻവർഷങ്ങളിൽ തുടക്കം കുറിച്ച പ്രവർത്തനങ്ങളായ ഗർഷോം ഓൺലൈൻ ബുള്ളറ്റിൻ പ്രസിദ്ധീകരിച്ചു വരുകയും വലിയപെരുന്നാളിനോട് അനുബന്ധിച്ച് പ്രിന്റഡ് പതിപ്പ് പുറത്തിറക്കി മാതൃ ഇടവകയിലും സമീപ ദൈവാലയങ്ങളിലും നൽകിവരുന്നു. മാതൃഇടവകയുടെ തണൽ പെൻഷൻ പദ്ധതിയിലെ പ്രവാസി ഫോറത്തിന്റെ പങ്കാളിത്തവും തികഞ്ഞ ആത്മസംതൃപ്തിയേകുന്നു.

ശ്മൂനി പ്രവാസി ഫോറത്തിന്റെ ജൂബിലി പെരുന്നാൾ പദ്ധതിയായ 'അന്നം ഔഷധം' ത്തിലൂടെ ആവശ്യക്കാർക്ക് ഭക്ഷണ സാധനങ്ങളുടെയും മരുന്നുകളുടെയും വിതരണം മുടക്കം കൂടാതെ നടത്തിവരികയും സൺഡേ ക്ലിനിക്കുകൾ വഴി രോഗപരിശോധനകളും എല്ലാ ഞയറാഴ്ച്ചയും വി. കുർബാനക്ക് ശേഷം മുതിർന്ന അംഗങ്ങൾക്ക് ഒരു കപ്പ് ചായ നൽകുന്ന ഊഷ്മളം പദ്ധതിയും ആതുരാലയ സന്ദർശനവും പ്രവാസി ഫോറത്തിന്റെ നേതൃത്വത്തിൽ ഇടവകയിലെ വിവിധ ആത്മീയ പ്രസ്ഥാനങ്ങളിലെ പ്രവർത്തകരുടെ സഹകരണത്തോട് കൂടി നടന്നുവരുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളാണ്.

മലങ്കരസഭയിൽ ആദ്യമായി ഒരു ഇടവകയിലെ പ്രവാസി അംഗങ്ങളുടെ ഡയറക്ടറി ഡിജിറ്റൽ രൂപത്തിൽ പ്രസിദ്ധീകരിക്കാൻ ശ്മൂനി പ്രവാസിഫോറത്തിന് പ്രവർത്തവർഷത്തിൽ സാധിച്ചു.

മറുദേശി മനുപ്രയാണത്തിൽ മണലാരണ്യത്തിലും മഞ്ഞുപാതകളിലും മനഃക്ലേശത്താൽ മനസ്സ് ഇടറുമ്പോൾ മാർഗദീപമായി, മർത്തശ്മൂനി അമ്മയും തവമക്കളും അവർതൻ ഗുരുവുമായ നവസഹദേൻമ്മാരുടെ പ്രാർത്ഥന ഞങ്ങൾക്ക് കാവലും കോട്ടയും ആകുമാറാക്കട്ടെ. ശ്മൂനി സുതരായ ഏഴകളായ അടിയങ്ങളുടെ വേലകളെ നിൻ നാമ മഹത്വത്തിനായി തീരുമാറാകേണമേ..!!

# PERINGANAD MARTHASHMOONI ORTHODOX VALIYAPALLY ADOOR

## OFFICE BEARERS OF SHMOONI PRAVASI FORUM - 2025 - 26

**REV. FR. THOMAS P. MUKALIL**
(President)

**VINCY GEORGE**
Vice President
+966 553124923

**RIBU BABY**
Secretary
+966 541509849

**SUNIL JOHN**
Jo. Secretary
+91 7558052832

**ANU BIJU**
Treasurer
+971 562489638

## EXECUTIVE MEMBERS

### BAHRAIN

**RAJEEV THOMAS**
+973 36066015

**DINU JOHN**
+973 32238142

### SAUDI

**ANIL JOHN**
+966 502864548

**ANJU ANIYAN**
+91 8943117594

### KUWAIT

**JINU THOMAS**
+965 62222789

### UK

**VARGHESE T**
+44 7768162974

**DUBY KOSHY**
+44 7469062731

### USA

**SAMKUTTY P**
+1843 324 4582

### INDIA

**MONCY GEORGE**
+91 9886126702

**JIJO BABY**
+91 9836694415

### UAE

**LEJI PAPPY**
+971 507894324

**REKHA SUNIL**
+971 551100251

### QATAR

**PRASAD P**
+974 66451369

### AUSTRALIA

**SUBIN IDICULA**
+61 491615787

### OMAN

**SHINU MATHEW**
+968 98823475

### EX-OFFICIO

**JOBIN JOHN**
+968 92968907

### AUDITOR

**JINO GEORGE**
+968 91052312

# അന്നം-ഔഷധം, ഊഷ്മളം

## വോളന്റിയേഴ്സ്

ആലീസ് എൻസൺ

ജോളി തോമസ്

ജോളി ശമുവേൽ

രാജേഷ് ബേബി

ജോബി ജോർജ്ജ്

ഷിലു പ്രസാദ്

ബൈജു റ്റി.

ലിബിൻ ഇടിക്കുള

സാജൻ പാപ്പി

# DESERT FATHERS



## St. Paul of Thebes

St. Paul of Thebes ( 227-341 AD) Known as the first Christian hermit , fled to the desert during persecution under Decius and lived in solitude for nearly ninety years. He dwelt in a cave near Thebes, sustained by a palm tree and daily bread brought by a raven. Later St. Antony the great visited him,and the two rejoiced together in prayer. His life symbolizes absolute trust in God's providence and simplicity of heart.

## St. Johnthe Dwarf

St. John the Dwarf(339-405 AD), also called John Colobus,was adisciple of St. Pambo in the Egyptian desert. Famous for his humility and obedience , he once watered a dry stick daily for years at his elder's command, and god made it blossom as a sign of grace.John lived with childlike simplicity,teaching that true strength is found in patience and trust in God. His Sayings emphasize forgiveness and inner peace:" Humility and love overcome everything". He became aspiritual father in scetis,guiding many monks.




## St. Antony the Great

St. Antony the Great (251-56 AD) is honored as the Father of Monasticism. Born in Egypt, he gave away his possessions at a young age after hearing Christ's words: "If you would be perfect, go, sell what you possess and give to the poor." He withdrew into the desert, where he lived with prayer, fasting and spiritual struggle. His fame spread as seekers came for guidance. St. Athanasius wrote his Life, inspiring countless monks across East and West. Antony taught that salvation requires vigilance, humility and trust in God.

## St.Macarius the Great

St. Macarius the Great (300-390 AD) also called Macarius of Egypt, was a disciple of St. Antony and a founder of monastic life in Scetis. Known for his gentleness, patience and mercy, he was often called the “aged youth” because of his pure heart. Once, when falsely accused of sin, he remained silent and bore the shame, later proving his innocence. His life shaped the spirituality of desert monasticism.



## St. Arsenius the Great

Arsenius the Great (350-450 AD) was a Roman noble and tutor of the Emperor’s children in Constantinople. Seeking a deeper life in Christ, he withdrew to the Egyptian desert and became one of the great Desert Fathers. Renowned for silence, tears, and prayer, he often said: ‘’I have often repented of having spoken, but never of having remained silent.” Arsenius lived with great humility, shunning honors and worldly learning, relying only on God. His ascetic life and wisdom inspired generations of monks.

## St. Pishoy the Great

St.Pishoy the Great (320-417 AD), often called the “Beloved of Christ”, was a desert Father of Scetis in Egypt. Known for his humility, fasting and love, he dedicated his life to prayer and service. Once, he carried a weary old man across the desert, only to discover it was Christ himself. Pishoy also defended orthodoxy, warning against heresy, and became the father to many monks. His relics are venerated at the Monastery of St.Bishoy in Wadi El Natrun.

# ഇടവക വാർത്തകൾ

176 -മത് പെരുന്നാൾ കൊടിയേറ്റ് വെരി. റവ. ബെന്യാമിൻ തോമസ് റമ്പാൻ നിർവഹിക്കുന്നു. ഇടവക വികാരി റവ .ഫാ. തോമസ് പി. മുകളിൽ, റവ. ഫാ.പി .എം. എബ്രഹാം, ട്രസ്റ്റി അജയ് വർഗീസ്, സെക്രട്ടറി അലക്സാണ്ടർ മുരിത്തിയിൽ, പെരുന്നാൾ കൺവീനർ ലിബിൻ ഇടിക്കുള എന്നിവർ സമീപം.

കറന്റ് ബില്ല് 2000 ൽ
കൂടുതലാണോ?
**ബിൽ തുക EMI ആയി**
**അടച്ചുകൊണ്ട്**

# SOLAR PLANT

- Grade one quality installation
- 30 years warranty
- Inverter 10 years warranty

AMAZE | adani | LUMINOUS

नवीन एवं
नवीकरणीय ऊर्जा मंत्रालय
MINISTRY OF
NEW AND
RENEWABLE ENERGY

**PM SURYA GHAR**
**MUFTI BULI YOJANA**

WARRANTY 25 YEAR WARRANTY

**SUBSIDY : 78,000/-**

Bank Loan Interest
**6% Onwards**

Stay Using The Best
**SOLAR HYBRID INVERTERS**

**ULTIMATE**
**POWER SOLUTIONS**

+91 9744 420010
+91 9207 753777
+91 9496 805152

Ampadyil Building
Near ICICI Bank Oneway Road, **ADOOR**

Bliz Building, Near Govt. L.P.S
Vinobaji Road, **ADOOR**

Opp. Dist Co Operative Bank,
K.P. Road. **PAZHAKULAM**

mailme2ups@gmail.com
www.inverterbatterystore.com

176-ാം
വലിയ
പെരുന്നാൾ
2026 ജനുവരി
20 മുതൽ
29 വരെ
പിതൃസ്മൃതി | കൊടിയേറ്റ് |
ശ്മൂനി വിളക്കിൽ തിരിതെളിയിക്കൽ |
തിരുവചനപ്രഘോഷണം | പ്രവാസി സംഗമം | ടീനേജ് മീറ്റ് |
അഖില മലങ്കര ക്വിസ് മത്സരം | പ്രദക്ഷിണം |
വി. മൂന്നിന്മേൽ കുർബ്ബാന | ശ്ലൈഹികവാഴ്വ് |
നേർച്ച വിളമ്പ് | കൊടിയിറക്ക് | കലാസന്ധ്യ

RohiniGraphics
9961128042